LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രി മുൻകയ്യെടുത്ത് സംസ്ഥാനത്തെ വിവിധ ആശുപത്രികൾ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. ഇങ്ങനെ അപ്ഗ്രേഡ് ചെയ്തിരിക്കുന്ന ആശുപത്രികളിൽ അതിനുള്ള അടിസ്ഥാന സൗകര്യമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പുതുതായി സ്റ്റാഫിനെ നിയമിക്കാനും പുതിയ അടിസ്ഥാന സൗകര്യമുണ്ടാക്കാനും ഗവൺമെന്റ് മുൻകയ്യെടുക്കുമോ? കുറവിലങ്ങാട് ആശുപത്രിക്കുവേണ്ടി 740 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതിന് ഗവൺമെന്റ് അനുവാദം നൽകുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കുറവിലങ്ങാട് ആശുപത്രിക്കു വേണ്ടി പുതിയ കെട്ടിടമെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാം. പക്ഷെ അതിലുള്ള ഒരു പ്രശ്നം, ഒന്നോ രണ്ടോ ഡോക്ടർമാർ മാത്രമായി കെട്ടിടമെടുത്തിട്ടാൽ പിന്നീട് അതിൽ വലിയ പരാതിയും പഴിയുമൊക്കെ കേൾക്കേണ്ടിവരും. ഇത് ആദ്യം അപ്ഗ്രേഡ് ചെയ്യുന്നു. എന്നിട്ട് ധനകാര്യ വകുപ്പിലേയ്ക്ക് അതിന്റെ പ്രൊപ്പോസൽ അയയ്ക്കാം. അതിന്റെ നടപടി യായിട്ടുണ്ട്. ഇപ്പോൾ കുറെ ആശുപത്രികളിലേക്ക് പോസ്റ്റ് ക്രിയേഷനു വേണ്ടിയുള്ള ഒരു ഫയലുണ്ട്. എന്നാലും ഗവൺമെന്റ് കഴിഞ്ഞ നാല് വർഷം ഒട്ടേറെ ആശുപത്രികളിൽ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് കൊടുത്തിട്ടുണ്ട്. ഇനിയും അതിനുള്ള സ്റ്റെപ്പുകളെടുക്കാം.

ജലസംരക്ഷണ അവബോധം

2 (*212) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജലസംരക്ഷണ അവബോധത്തിനായി ജലസേചന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രശ്നബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(സി) കിണർവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള പദ്ധതിയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജലദുരുപയോഗം തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ,

(എ) ജല സംരക്ഷണ അവബോധത്തിനായി 'ജലസുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ജലവിഭവ വകുപ്പ് ആവിഷ്കരിച്ച്

നടപ്പാക്കിവരുന്നു. വിശദ വിവരങ്ങൾ അടങ്ങുന്ന ഒരു കൈപുസ്തകം അനുബന്ധമായി ചേർക്കുന്നു.*

ഭൂജല വകുപ്പ് ജലസംരക്ഷണ അവബോധത്തിനുള്ള പരിപാടികൾ ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശത്തേയ്ക്കായി കേരള ജല അതോറിറ്റി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സാമൂഹ്യ ജലസുരക്ഷാ പദ്ധതി 'സുജല' എന്ന പേരിൽ ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ ജല ഗുണനിലവാരം പരിശോധിച്ചു ഉറപ്പു വരുത്തിവരുന്നു.

(സി) ഉണ്ട്. കിണർവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള പദ്ധതി സംസ്ഥാനത്ത് സി.സി.ഡി.യു. മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ പൊതുജനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് കിണർ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഭൂജല വകുപ്പിന്റെ ലാബോറട്ടറികളിലും നടത്തിവരുന്നു. രാസപരിശോധനയും ബാക്ടീരിയ പരിശോധനയും തിരുവനന്തപുരത്തെ ലാബിൽ നടത്തുന്നുണ്ട്. എറണാകുളം, കോഴിക്കോട് ലാബുകളിൽ രാസപരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ഡി) സി.സി.ഡി.യു. നടപ്പാക്കുന്ന പരിശീലന പരിപാടിയോടനുബന്ധിച്ച് ജല ദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണവും നടത്തുന്നുണ്ട്. കൂടാതെ ജല ദുരുപയോഗം തടയുന്നതിന് കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ൽ രൂപീകൃതമായ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർക്കുവേണ്ടി (ശ്രീ. എം. ഹംസ): സർ, ഗുണനിലവാരമുള്ള കുടിവെള്ളം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി കഴിഞ്ഞ നാലരക്കൊല്ലം അങ്ങ് നടത്തിയിട്ടുള്ള പ്രവർത്തനത്തെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇതുവഴി, വാട്ടർ അതോറിറ്റിക്കും ജലസേചനവകുപ്പിനുമെല്ലാം കേന്ദ്ര ഗവൺമെന്റിൽനിന്നും കേന്ദ്ര ഏജൻസികളിൽ നിന്നും എന്തെല്ലാം അവാർഡുകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ? എന്തെല്ലാം പദ്ധതികളാണ് ഈ നാലരകൊല്ലക്കാലംകൊണ്ട് നടപ്പാക്കിയത്? സമ്പൂർണ്ണ വൈദ്യുതീകരണംപോലെ കേരളത്തിലാകെ സമ്പൂർണ്ണ കുടിവെള്ളം എന്നുപറയുന്ന പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കാനുള്ള കഴിവും ശേഷിയുമുണ്ടോയെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ കേരളത്തിന്റെ കവറേജ് ശരാശരി 86 ശതമാനവും നഗരപ്രദേശങ്ങളിൽ ഏതാണ്ട് 62 ശതമാനത്തോളവുമാണ്. സംസ്ഥാനത്തെ ജല സുരക്ഷ പദ്ധതി, ജലത്തിന്റെ ഗുണനിലവാരം, നഗരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണ കുടിവെള്ള ലഭ്യത എറെക്കുറെ സാധ്യമാണ്. പക്ഷേ പലപ്പോഴും സമ്പൂർണ്ണ കുടിവെള്ള ലഭ്യതയെ സംബന്ധിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാട് പൈപ്പ് വാട്ടറിനെ സംബന്ധിച്ചാണ്. കേരളത്തിൽ പൂർണ്ണമായും കവേർഡാണ് എന്നുള്ള ഒരു സ്ഥിതിയിലേക്ക് വന്നാൽ കേന്ദ്ര ധനസഹായം തന്നെ നിൽക്കുന്ന സ്ഥിതിവരും. അതുകൊണ്ട് ഇപ്പോഴും അതിന് ചില പരിധികൾ നിശ്ചയിച്ചുകൊണ്ടാണ് കേരളം ഈ കാര്യങ്ങളിൽ നിലപാടും നയവും സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർക്കുവേണ്ടി (ശ്രീ. എം. ഹംസ): സർ, കുടിവെള്ള പദ്ധതിയുടെ നെറ്റ് വർക്ക് എത്താത്ത ചില മേഖലകളുണ്ട്. അവിടേക്ക് ആ നെറ്റ്വർക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള ചില പരിശ്രമങ്ങൾ നടന്നപ്പോൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി എന്റെ മണ്ഡലത്തിലെ മണ്ണൂർ പഞ്ചായത്തുൾപ്പെടെയുള്ള പഞ്ചായത്തിനെ അതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മണ്ണൂർ പഞ്ചായത്തിനെ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ? ഇന്ന് വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മോട്ടോറുകളെല്ലാം കേടായിരിക്കുകയാണ്. അത് വളരെ പഴക്കമുള്ളതാണ്. കേടായ മോട്ടോറുകൾ മാറ്റുന്നതിനും പുതിയത് വാങ്ങുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, എസ്.എൽ.എസ്.സി. പ്രകാരം കേരളത്തിൽ ഈ സാമ്പത്തിക വർഷവും കുറേയധികം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഒഴിവാക്കപ്പെട്ടിട്ടുള്ള പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണ്. വാട്ടർ അതോറിറ്റിയുടെ മോട്ടോറുകളും പമ്പ്സെറ്റുകളും മാറ്റിവച്ചുകൊണ്ട് എനർജി ഓഡിറ്റിന് ആവശ്യമായിട്ടുള്ള അല്ലെങ്കിൽ എനർജി എഫിഷ്യൻസി കൂട്ടുന്നതിനാവശ്യമായിട്ടുള്ള ഏതാണ്ട് 28 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ഒരു പദ്ധതിയുടെ ഭരണനടപടികളുമായി ഈ വർഷം മുന്നോട്ടു പോവുകയാണ്. ഇന്ന് കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഈ മോട്ടോറുകളുടെ റിപ്പയർ മെയിന്റനൻസുമായി ബന്ധപ്പെട്ട പ്രശ്നമാണ്. തീർച്ചയായും എനർജി എഫിഷ്യൻസി മുഖാന്തിരം അല്ലെങ്കിൽ ആഡിറ്റ് മുഖാന്തരം തന്നെ ഈ കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും. അതിന്റെ പ്രവർത്തനം ഏതാണ്ട് അന്തിമ ഘട്ടത്തിലാണ്.

മി. സ്പീക്കർ: ടെണ്ടർ പ്രോസസ്സിംഗിൽ കാലതാമസം വരുന്നുണ്ടല്ലോ.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം നിർമ്മാണ പ്രവർത്തനങ്ങളിലെ ടെണ്ടറിന്റെ കാലതാമസമാണ്. ഇപ്പോൾ പ്രത്യേകിച്ചും കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റിനു മുകളിൽ തുക കൊടുക്കണ്ട എന്നുള്ള പൊതുവായ ഒരു തീരുമാനം കൂടി വന്ന പശ്ചാത്തലത്തിൽ പല നിർമ്മാണ പ്രവർത്തനങ്ങളും വേണ്ട രൂപത്തിൽ പുരോഗമിക്കുന്നില്ല. ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ നയം പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം, വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതാണ്ട് 60-65 ശതമാനവും മെറ്റീരിയൽ കോസ്റ്റാണ്. ഓരോ ദിവസം കഴിയുന്തോറും ഈ മെറ്റീരിയൽ കോസ്റ്റ് ഗണ്യമായി വർദ്ധിക്കുന്നു. രണ്ട് പദ്ധതികൾ ഒരു വർഷം കൊണ്ട് അല്ലെങ്കിൽ ഒരു ഷെഡ്യൂൾ ഓഫ് റേറ്റ്സ് കൊണ്ട് തീരുന്നതല്ല. മൂന്നോ നാലോ വർഷംകൊണ്ടേ തീരുകയുള്ളൂ. ആ പ്രശ്നം ധനകാര്യ വകുപ്പു മായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദിനുവേണ്ടി (ശ്രീ. കെ. സി. കുഞ്ഞിരാമൻ): സർ, തലസ്ഥാനത്ത് കാലപ്പഴക്കമുള്ള ജല വിതരണ പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും അതുപോലെ തന്നെ പൊട്ടിപ്പൊളിഞ്ഞ് തുരുമ്പെടുത്ത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്റെ മണ്ഡലത്തിൽ മാനന്തവാടി പട്ടണത്തിൽ ജില്ലാ ആശുപത്രിയിലടക്കം ഗവൺമെന്റ് ഓഫീസുകളിലൊക്കെ വിതരണം ചെയ്യുന്ന പൈപ്പുകളിൽ നിന്ന് ചില ദിവസം മഞ്ഞ കളറിലോ ചുവപ്പുകളറിലോ ഉള്ള വെള്ളം വരുന്നുവെന്ന് എപ്പോഴും പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. അവിടെ ഒരു പുതിയ ശുദ്ധീകരിച്ച ജലവിതരണപദ്ധതിക്കുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, മതിയായ ശുചീകരണമില്ലാത്തതിന്റെ പേരിൽ ഭൂജലത്തെ ആശ്രയിച്ചുള്ള പല പദ്ധതികളിലും ഇത്തരത്തിലുള്ള ജലമലിനീകരണ പ്രശ്നങ്ങളുണ്ട്. ഭൂജലം ഡയറക്ടായി പമ്പ് ചെയ്ത് വിതരണം ചെയ്യുന്ന സ്ഥലങ്ങളിലാണ് ഇത് കൂടുതലായി ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്. അത്തരം സ്ഥലങ്ങളൊക്കെ കാളിറ്റി അഫക്ടഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. അത്തരം സ്ഥലങ്ങളിലും ഉപരിതല സ്രോതസ്സുകളെ പരമാവധി ഡിപ്പെന്റ് ചെയ്തുകൊണ്ടുള്ള സസ്റ്റെയിനബിൾ സോഴ്സുകളെ ആശ്രയിച്ചുകൊണ്ട് കുടിവെള്ള പദ്ധതികൾ ആരംഭിക്കുക എന്നുള്ള നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. പലപ്പോഴും ഭൂജല സ്രോതസ്സുകൾ ഇത്തരത്തിലുള്ള പരാതികൾക്ക് ഇടനൽകുന്നുണ്ട്. ശ്രീ. കുഞ്ഞിരാമൻ ഇവിടെ സൂചിപ്പിച്ചതുപോലെ ശുദ്ധീകരിച്ച ജലവിതരണ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. കുഞ്ഞമ്പു സർ, കേന്ദ്ര ഭൂജല വകുപ്പ് കാസർഗോഡ് താലൂക്കിലെ ഭൂഗർഭ ജല ലഭ്യതയുടെ കാര്യത്തിൽ അതീവ ഗുരുതരമായ സ്ഥിതി അഭിമുഖീകരിക്കുന്നുവെന്നാണ് വിലയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷക്കാലമായി അനിയന്ത്രിതമായ ഭൂഗർഭജല ചൂഷണം ഭൂമിയിലെ ജൈവവൈവിധ്യത്തെതന്നെ സാരമായി ബാധിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതി ഇപ്പോഴും വേണ്ടപോലെ ജനങ്ങൾ മനസ്സിലാക്കുന്നില്ല. ജലം ഭൂഗർഭത്തിലേയ്ക്ക് ഒഴുക്കുക മാത്രമാണ് ഇതിന് പരിഹാരമായിട്ടുള്ളത്. ഇത് ശാസ്ത്രീയമായി ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, അനിയന്ത്രിതമായിട്ടുള്ള ഭൂജല നിലവാരത്താഴ്ച പരിഹരിക്കുവാനുള്ള ഏക മാർഗ്ഗം ഭൂജല പരിപോഷണ പ്രക്രിയയാണ്. ഭൂജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഭൂജല പരിപോഷണത്തിനുവേണ്ടിയുള്ള ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതുപോലെ ജലസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇത്തരം പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നുണ്ട്. അതിൽ ഏറ്റവും ക്രിട്ടിക്കലായിട്ടുള്ളത് കാസർഗോഡ് ജില്ലയാണ്. ഗ്രൗണ്ട് വാട്ടർ ലെവൽ ഡിക്ലീഷന്റെ കാര്യത്തിൽ ഗണ്യമായ തോതിലുള്ള താഴ്ചയാണ്. പക്ഷേ ഈ വർഷം നിരന്തരമായി പെയ്ത മഴയെത്തുടർന്ന് ആ നിലവാരത്തിൽ കുറെ മാറ്റം വന്നിട്ടുണ്ടെന്നാണ് ഏറ്റവും ഒടുവിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ട്.

ശ്രീ. കെ. ടി. ജലീൽ: സർ, ഇന്ത്യൻ റെയിൽവേയുടേയും ഇന്ത്യൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേയും അനുമതി കിട്ടാത്തതു കൊണ്ട് നമ്മുടെ സംസ്ഥാനത്ത് നിരവധി കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 42 കോടി രൂപ ചെലവിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തിരുനാവായ കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റും കിണറും പമ്പ് ഹൗസും കോടികൾ ചെലവിട്ട് ഇതിനകം നിർമ്മാണം പൂർത്തിയാക്കി. എന്നാൽ റെയിൽവേയുടെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേയും അനുമതി കിട്ടാത്തതുകൊണ്ട് അത് യാഥാർത്ഥ്യമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. നിരവധി തവണ റെയിൽവേയുമായും അതുപോലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായും ബന്ധപ്പെട്ടുവെങ്കിലും ഇതിനകം അവിടെ നിന്ന് അനുകൂലമായിട്ടുള്ള ഒരു പ്രതികരണവും വന്നിട്ടില്ല. ബഹുമാന്യനായ മന്ത്രി പ്രത്യേകം മുൻകൈയെടുത്തുകൊണ്ട് ഇത്തരം പദ്ധതികൾ ഏതാണെന്ന് കണ്ടെത്തി അവരുടെ അനുമതി ലഭ്യമാക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, റെയിൽവേയുടെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേയും പെർമിഷൻ കിട്ടുന്നതിനുള്ള കാലതാമസം വളരെ വലുതാണ്. 2004-ൽ പെർമിഷനുവേണ്ടി അപേക്ഷിച്ച ചേർത്തല സ്കീമിന് ഈ സമീപ ദിവസങ്ങളിൽ കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണി അടക്കം ഇടപെട്ടതിനുശേഷമാണ് പെർമിഷൻ കിട്ടിയത്. ഇത് ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ്. കാരണം ഇത് നാഷണൽ

ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും റെയിൽവേയുടേയും മാത്രം പ്രശ്നമല്ല. കേരളത്തിൽ പുനർനിർമ്മിക്കപ്പെട്ടിട്ടുള്ള കെ.എസ്.ടി.പി. റോഡുകൾ അടക്കമുള്ള റോഡുകൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് വലിയ പ്രശ്നമുണ്ട്. ഇനി കുടിവെള്ള വിതരണ രംഗത്ത്, നിർമ്മാണ രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി വരുന്നത് റോഡുകൾ പൊളിച്ച് പൈപ്പിടുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഒന്നുകിൽ റോഡിനടിയിലൂടെ പുഷ്ട്രൂ മുഖാന്തരമോ അല്ലെങ്കിൽ ഉപരിതലത്തിലൂടെ പൈപ്പിടുന്നതിനെ സംബന്ധിച്ചോ ഒക്കെയുള്ള പദ്ധതികൾ ആലോചിക്കേണ്ടിവരും. സ്ഥലലഭ്യതയാണ് ഈ കാര്യങ്ങളിലുള്ള വലിയൊരു പ്രശ്നം, ഇത് സങ്കീർണ്ണമായ ഒരു പ്രശ്നമായിരിക്കുകയാണ്. ഇത് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഗുരുതരമായ ഒരു പ്രശ്നം കിണറുകളിലെ വെള്ളത്തിന്റെ മാലിന്യമാണ്. 45 ലക്ഷം കിണറുകൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇപ്പോൾ ടെക്നൈൻ പൊസിഷൻ മാറുന്നതുകൊണ്ടും മറ്റു ചില സാഹചര്യങ്ങൾ കൊണ്ടുമാണ് വെള്ളത്തിന്റെ നീരൊഴുക്കിൽ മാലിന്യം വരുന്നത്. അണ്ടർ ഗ്രൗണ്ട് വാട്ടറിന്റെ നീരൊഴുക്ക് ഏതു രൂപത്തിൽ പോകുന്നുവെന്നത് നമുക്ക് പറയാൻ പറ്റില്ല. അതുകൊണ്ട് കിണറുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലുമൊരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഗ്രൗണ്ട് വാട്ടർ അതോറിറ്റി അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഗാർഹിക കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്നതിനുവേണ്ടിയുള്ള ഏതാണ്ട് 112 കോടി രൂപയുടെ പ്രോജക്ടാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. കിണറിന്റെ നാലുവശവും പ്രത്യേകം സംവിധാനമുണ്ടാക്കി കൊണ്ട് മഴവെള്ളമടക്കമുള്ളവ റീ-ചാർജ്ജ് ചെയ്ത് കിണറിനെ ശാക്തീകരിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണത്. അത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. വി. ശശികുമാർ: സർ, കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസമാണ് പലപ്പോഴും വലിയ തടസ്സമായി വന്നിട്ടുള്ളത്. അങ്ങ് മുൻകൈയെടുത്ത് നടത്തിയ അവലോകന യോഗങ്ങളാണ് അത് പരിഹരിക്കുന്നതിന് വലിയ തോതിൽ സഹായകമായി മാറിയിട്ടുള്ളത്. ഇപ്പോൾ തന്നെ രണ്ട് ഗ്രാമീണ പദ്ധതികൾ പൂർത്തീകരണത്തിന്റെ വക്കിലായി നിൽക്കുന്നുണ്ട്. ആ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഒരിക്കൽകൂടി അവലോകനയോഗം വിളിച്ചുചേർക്കാനും പുതുതായി കുറച്ച് പദ്ധതികൾക്ക് അപേക്ഷയും തന്നിരുന്നു. അത് പരിശോധനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അത് സംബന്ധിച്ചും തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ രണ്ട് പദ്ധതികളും പൂർത്തീകരിക്കുന്നതിനാവശ്യമായിട്ടുള്ള അവലോകന യോഗം

LIBRARY ARCHIVES Kerala Legislative Assembly

ഈ മാസം മൂന്നാം തീയതി തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. അതുപോലെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമായി. ഈ വർഷത്തെ മിക്കവാറും എല്ലാ പദ്ധതികളും ഏറ്റെടുത്തുകഴിഞ്ഞു. അടിയന്തര പ്രാധാന്യമുള്ളവ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടത് നൽകിക്കഴിഞ്ഞാൽ തീർച്ച യായിട്ടും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് മഴയിൽ നിന്ന് ലഭിക്കുന്ന വെള്ളം ലഭിക്കാതെ മുഴുവനും കടലിലേയ്ക്ക് ഒഴുകി പോകുകയാണ്. അത് ഇവിടെ ശേഖരിച്ചു നിർത്താനും സംരക്ഷിച്ചു നിർത്താനും ഭൂജലത്തെ പരിപോഷിപ്പിക്കുവാനും അത് റീ-ചാർജ്ജ് ചെയ്ത് നിർത്താനും നമുക്ക് കഴിയുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമുക്ക് ലഭ്യമായ വെള്ളത്തിന്റെ 22 ശതമാ നവും ഈ ഉപരിതലത്തിലെ വെള്ളമാണ്. അത് കണ്ടാമിനേറ്റഡ് വാട്ടറാണ്. ഏറ്റവും ശുദ്ധമായ ജലം ഭൂജലമാണ്. നിയന്ത്രണമേർപ്പെടുത്തികൊണ്ട് ആ ഭൂജലത്തെ നിലനിർത്താനും അത് സംരക്ഷിക്കുവാനും മാലിന്യരഹിതമായി ജനങ്ങൾക്ക് ലഭ്യമാക്കാനും വേണ്ടിയുള്ള ആധുനികമായ സങ്കേതങ്ങളെക്കുറിച്ച് എന്തെങ്കിലുമൊരു പഠനം അങ്ങയുടെ വകുപ്പിന്റെ കീഴിൽ നടത്തുന്നുണ്ടോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഇതുമായി ബന്ധപ്പെട്ട് സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും സംയുക്തമായി ചില പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗ് ആണ്. പരമ്പരാഗതമായിട്ടുള്ള ഭൂജല പരിപോഷണ പ്രക്രിയകൾ ഇപ്പോൾ കേരളത്തിൽ നടക്കുന്നില്ല. അനിയന്ത്രിതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, വയൽ നികത്തൽ, മണൽ വാരൽ തുടങ്ങിയിട്ടുള്ള കാരണങ്ങളാൽ ഭൂജല പരിപോഷണം കൃത്യതയോടുകൂടി നടക്കുന്നില്ല. ആ ഭൂജല പരിപോഷണം ഇപ്പോൾ തമിഴ്നാട്ടിൽ പരീക്ഷിച്ച് വിജയിച്ചതാണ്. അതിന് പ്രധാനമായും സ്ഥലം ലഭ്യതയുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. കാരണം പല പ്രദേശങ്ങളിലും വലിയ കുളങ്ങൾ തന്നെ നിർമ്മിച്ചുകൊണ്ട് ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗ് നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിൽ വളരെ മാതൃകാപരമായി ഇപ്പോഴും റീ-ചാർജ്ജിംഗ് പ്രക്രിയ നടക്കുന്നുണ്ട്. അത്തര ത്തിലുള്ള സമഗ്രമായ ഒരു പദ്ധതിയെ സംബന്ധിച്ച് തീർച്ചയായും ആലോചി ക്കാവുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഏഴിമല നാവിക അക്കാഡമി, പെരിങ്ങോം സി. ആർ. പി. എഫ്. ക്യാമ്പ് എന്നിവിടങ്ങളിലേയ്ക്ക് കുടിവെള്ള മെത്തിക്കുന്നതിനുവേണ്ടി കയ്യൂർ ചീമേനി പഞ്ചായത്തിലെ പാക്കടവിൽ താൽക്കാലിക തടയണ നിർമ്മിച്ചാണ് വെള്ളം പമ്പ് ചെയ്യുന്നത്. ഇതിനായി ഓരോ വർഷവും ദശലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത് .....ആദ്യത്തെ ഒരു മഴയോടുകൂടിത്തന്നെ ഈ തടയണ തകർന്നുപോകും. അതിലെ അരലക്ഷം ചാക്ക് മണലും മണ്ണും പുഴയിൽ നിറയുകയാണ്. അതുമൂലം ആ

LIBRARY ARCHIVES Kerala Legislative Assembly

പുഴയിലെ മുഴുവൻ കയങ്ങളും നികന്നിരിക്കുകയാണ്. വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. അവിടത്തെ പത്രങ്ങളും മീഡിയകളുമൊക്കെ ഇതിനെതിരെ വലിയ തോതിലുള്ള പ്രചാരണത്തിന് രൂപംകൊടുക്കുകയാണ്. നാട്ടുകാർ വലിയ പ്രക്ഷോഭത്തിലാണ്. അതിന്റെ പേപ്പർ കട്ടിംഗ്സ് ഇതിനകംതന്നെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. മുൻപ് 3 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കൊടുത്തതാണ്. ഇന്നേവരെ അത് ചെയ്തിട്ടില്ല. വലിയ തോതിലുള്ള സാമ്പത്തിക പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, അവിടെ സ്ഥിരമായി ഒരു തടയണ നിർമ്മിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലും പരിഗണനയിലുമാണ്.

ശ്രീ. പി. സി. ജോർജ്: സർ, മന്ത്രിയുടെ മറുപടി എപ്പോഴും പോസിറ്റീവാണ്. നല്ല മറുപടി പറയുന്ന മന്ത്രിയാണ്. അതിൽ സന്തോഷമുണ്ട്. ഈമാറ്റുപേട്ട കുടിവെള്ള പദ്ധതി മുഴുവൻ തകർന്നുകിടക്കുകയാണ്. മുമ്പ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ അവസരത്തിൽ ഉടൻതന്നെ അതിന് നടപടിയുണ്ടാക്കിത്തരാമെന്ന് ഉറപ്പ് നൽകിയതാണ്. ഇനി നാല് മാസമേയുള്ളൂ. ആ കാര്യമൊന്ന് സാധിച്ചുതരുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ആ പദ്ധതിക്ക് മൊത്തമായി ഏതാണ്ട് 90 ലക്ഷത്തോളം രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ആ പണം കണ്ടെത്തുന്നതിനുള്ള സാമ്പത്തിക തടസ്സമാണ് പ്രധാനപ്പെട്ട പ്രശ്നം. ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ചാണ്ടി: സർ, കുട്ടനാട് പാക്കേജ് പൂർത്തിയാകുമ്പോൾ കേരളത്തിന്റെ നെല്ലുൽപ്പാദനം രണ്ട് ഇരട്ടിയോ മൂന്ന് ഇരട്ടിയോ വർദ്ധിക്കും. പക്ഷേ അതിൽ ഒരു അപകടം പതിയിരിക്കുന്നു. ഇപ്പോൾത്തന്നെ നാഷണൽ താഴ്ച്ചയിൽക്കിടക്കുന്ന പൈപ്പുകൾ ഉപയോഗശൂന്യമാണ്. പാടശേഖരങ്ങളുടെ ബണ്ട് ഇനി രണ്ട് മീറ്റർ കൂടി ഉയർന്നുകഴിയുമ്പോൾ ഈ പൈപ്പുകൾ മാറ്റേണ്ടി വരും. ഞാൻ ഇക്കാര്യം അറിയിച്ചുകൊണ്ട് കേന്ദ്ര മന്ത്രി ശ്രീ. പവൻകുമാറിന് കത്തയച്ചു. അദ്ദേഹം അത് മനസ്സിലാക്കി, ആ കത്ത് ഗ്രാമ വികസന വകുപ്പിന് കൈമാറി. അതിന്റെ ഡീറ്റെയിൽഡ് റിപ്പോർട്ട് കൊടുക്കണമെന്നാവശ്യപ്പെട്ട് അവർ താങ്കളുടെ വകുപ്പിന് ലെറ്റർ മടക്കി അയച്ചിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, അതിന് ഒരു പ്രത്യേകമായ ഫണ്ട് കണ്ടെത്തേണ്ടതായുണ്ട്. കുട്ടനാടൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ല. തീർച്ചയായും അത് ഗവൺമെന്റിന്റെയും വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണം, ബണ്ട് ഉയർത്തുമ്പോൾ നിലവിലുള്ള പൈപ്പുകൾ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിനടിയിൽ ആകുന്നതുമൂലമുണ്ടാകുന്ന പ്രശ്നമാണിത്. അത് പരിഹരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി പ്രൊപ്പോസൽ കൗൺസിൽ വഴി ആവിഷ്കരിക്കുന്നതാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, നമുക്ക് ജലസംരക്ഷണ ഉപഭോഗത്തെക്കുറിച്ച് സംസാരിക്കാനുള്ള അവകാശം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്ന കാര്യം മന്ത്രി ഒന്ന് ഗൗരവപൂർവ്വം നോട്ട് ചെയ്യണം. പൈപ്പ് പൊട്ടി വെള്ളം നഷ്ടപ്പെടുന്നു എന്ന് പറയുന്നത് സ്വാഭാവികമായിട്ടൊക്കെ സംഭവിക്കാം. പക്ഷേ തുടർച്ചയായി ആറേഴ് കൊല്ലമായി ഒരേ സ്ഥലത്ത് ഒരേ പ്രദേശത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ പറ്റില്ല. ഞാൻ ഒരൊറ്റ ഉദാഹരണം പറയാം. കുന്നംകുളം, ചാവക്കാട്, ഗുരുവായൂർ, ചാലിശ്ശേരി, തൃത്താല എന്നിവിടങ്ങളിലേയ്ക്കെല്ലാം വെള്ളം കൊണ്ടുപോകുന്ന ഒരു പൈപ്പുണ്ട്. 700 എം. എം. വിഡ്ത് ഉള്ളതാണ്. അത് മാറ്റേണ്ട കാലാവധി കഴിഞ്ഞിട്ട് നാല് വർഷമായി. ആ പഴക്കം ചെന്ന പൈപ്പ് കെ. എസ്. ടി. പി. റോഡിന്റെ അടിയിൽക്കൂടി പോകുകയാണ്. ഇടയ്ക്കിടയ്ക്ക് അത് പൊട്ടുന്നു. ആ കുഴിയിൽ വീണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 10 ആളുകൾ മരിച്ചു. 12 ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റു. കുറ്റം നമ്മുടേതാണ്. ആ പൈപ്പ് മാറ്റാത്തതിന് കാരണമെന്താണ്? അവിടെ പൈപ്പുകൾ പൊട്ടിക്കൊണ്ടേയിരിക്കുന്നു, ആളുകൾ വീഴുകയും മരിക്കുകയും ചെയ്യുന്നു. ഇതിന് എന്തെങ്കിലും ഒരു പ്രതിവിധി കണ്ടെത്താൻ കഴിയുമോ?

<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u>: സർ, കേരളത്തിലാകെയുള്ള പൈപ്പുകൾ പലതും ആസ്ബസ്റ്റോസ് സിമന്റ് പ്രിമോ പൈപ്പും, ബുസ്ട്രസ്റ്റ് കോൺക്രീറ്റ് പൈപ്പുമാണ്. ഇവയ്ക്ക് ഇന്നത്തെ ഗതാഗതത്തിരക്കും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രഷറിനെയും അതിജീവിക്കാൻ ശേഷിയില്ല. ആ പൈപ്പുകൾ ആകെ റീപ്ലേസ് ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ള ഒരു പ്രയോറിറ്റി. കഴിഞ്ഞ ബഡ്ജറ്റിൽ അതിന് നല്ലൊരു തുക ചെലവഴിച്ചു. കുറെ പട്ടണ പ്രദേശങ്ങളിലും അത് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞ കാര്യവും ആ നിലയിൽ പരിഗണിക്കുന്നതാണ്.

<u>ശ്രീ. കെ. അച്ചുതൻ</u>: സർ, പാലക്കാട് ജില്ലയിൽ ആയിരക്കണക്കിന് കുളങ്ങളുണ്ട്. നാലേക്കറും അഞ്ചേക്കറും വലയുള്ള കുളങ്ങൾ ഉണ്ട്. ഇതെല്ലാം പണ്ട് ജന്മിമാരുടെ കയ്യിലായിരുന്നു. ഭൂമി എല്ലാം ഭാഗിച്ച് പോയപ്പോൾ ഈ കുളങ്ങൾ ആരും നോക്കുന്നില്ല. കുളങ്ങൾ കംപ്ലീറ്റ് തൂർന്ന് കിടക്കുകയാണ്. ഇറിഗേഷൻ വകുപ്പും കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് ഈ കുളങ്ങളിലെ ചെളി മാത്രം മാറ്റാനുള്ള നടപടി സ്വീകരിക്കുമോ? ചില കുളങ്ങൾ ഇപ്പോൾ കംപ്ലീറ്റ് കോൺക്രീറ്റ് ആക്കുന്നുണ്ട്. അതിന്റെ ആവശ്യമില്ല. അത് വെറുതെ കരാറുകാരന് പണമുണ്ടാക്കാനാണ്. ഈ ചെളി മുഴുവൻ മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

യെടുത്തുകഴിഞ്ഞാൽ ആ പ്രദേശത്തുള്ള എല്ലാ കിണറുകളിലും വെള്ളം നിറഞ്ഞുനിൽക്കാൻ സാധ്യതയുണ്ട്. അക്കാര്യത്തിൽ അങ്ങ് എന്തെങ്കിലുമൊരു നടപടിയെടുക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, പാലക്കാട് ജില്ലയിലെ കുളങ്ങളുടെ ആഴം കൂട്ടി സൈഡ് പ്രൊട്ടക്റ്റ് ചെയ്ത് പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. പാലക്കാട്, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളാണ് ആദ്യ ഘട്ടത്തിൽ സെലക്ട് ചെയ്തിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കുളങ്ങളും പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ മുൻപാകെ സമർപ്പിച്ച് അനുമതി വാങ്ങുന്നതാണ്. 2011 ഏപ്രിൽ 1 മുതൽ കുളങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വെള്ളത്തിന്റെ ലഭ്യതയില്ലായ്മ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെ ഏറ്റവും ഗൗരവമായ പ്രശ്നമാണ്. നാലഞ്ച് മാസക്കാലംകൊണ്ട് ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ചാണ് വാഹനങ്ങളിൽ വെള്ളമെത്തിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് വാട്ടർ അതോറിട്ടിയുടെ ഒരു പ്രോജക്ട് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകാൻ അടിയന്തരനടപടി എടുക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ആ പ്രോജക്റ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. എം. ഉമ്മർ: സർ, ജല സംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ ശോഷണം തടയാനുമുള്ള നടപടികൾ അനിവാര്യമാണ്. എന്നാൽ ഈ മേഖലയിൽ വാട്ടർ അതോറിറ്റിക്ക് വലിയ പങ്കില്ല. പല വാട്ടർഷെഡ് പ്രോഗ്രാമുകളും നടപ്പിലാക്കുന്നത് സോയിൽ കൺസർവേഷൻ വകുപ്പാണ്. നിർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാനും ഇവ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ജലലഭ്യത ഉറപ്പുവരുത്താനും അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഈ കാര്യങ്ങളിൽ കൂടുതൽ ക്രിയാത്മകമായ പങ്ക് വഹിക്കാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അവർ നിർത്തടാധിഷ്ഠിത വിദഗ്ദ്ധന്മാരെ വച്ച് ചെയ്യുന്നതായിരിക്കും ഉചിതം.

ശ്രീ. സി. എം. ദിനേശ് മണി: സർ, പള്ളുരുത്തി മണ്ഡലത്തിലെ കടലോര ഗ്രാമമായ ചെല്ലാനം പഞ്ചായത്ത് പ്രശ്നബാധിത മേഖലയാണ്. അവിടെ എൻ. സി. പി. സി. പദ്ധതിയിൽപ്പെടുത്തി പൈപ്പുകൾ ഇട്ടുകഴിഞ്ഞു. പൈപ്പ് ഇട്ടതുമൂലം റോഡുകളൊക്കെ നശിച്ചുപോയി. ഈ പൈപ്പിലൂടെ ഇതുവരെ വെള്ളം വന്നിട്ടില്ല. ഈ പദ്ധതി ആരംഭിച്ചിട്ട് രണ്ട് വർഷമായി. അത് പൂർത്തീകരിച്ച് തരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, അത് പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly